"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ്-ആട്ടോകാസ്റ്റ് ലിമിറ്റഡിന് ബാങ്കുകളിൽ നിന്നും 10 കോടി രൂപ വായ്പയായി എടുക്കുന്നതിന് നൽകിയിട്ടുള്ള ഗവൺമെന്റ് ഗ്യാരന്റി പരിഷ്കരിച്ച് കേരള ബാങ്കിൽ നിന്നും എടുക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ്-പുറപ്പെടുവിക്കുന്നു

---

**വ്യവസായ(ഡി) വകുപ്പ്**

സ.ഉ.(കൈ) നം.82/2022/ID തീയതി,തിരുവനന്തപുരം, 16-08-2022

---

പരാമർശം:-

1 17/04/2018 -ലെ സ.ഉ(കൈ) നം.32/2018/വ്യവ നമ്പർ ഉത്തരവ്

2 ആട്ടോകാസ്റ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 01/04/2022-ലെ എകെഎൽ/എംഡി/കെബി/22-23/18, 30/04/2022-ലെ എകെഎൽ/എംഡി/കെബി/22-23/080 എന്നീ നമ്പർ കത്തുകൾ

3 റിയാബ് സെക്രട്ടറിയുടെ 06/05/2022-ലെ എകെഎൽ/ഐ-554/2022/ഡി/212 നമ്പർ കത്ത്

**ഉത്തരവ്**

ആട്ടോകാസ്റ്റ് ലിമിറ്റഡിന് ദേശസാൽകൃത ബാങ്കുകളിൽ നിന്നും 10 കോടി രൂപ വായ്പ എടുക്കുന്നതിന് ഗവൺമെന്റ് ഗ്യാരന്റി അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. കമ്പനിയുടെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ പ്രസ്തുത ഉത്തരവ് പ്രകാരം വായ്പ ലഭിക്കുന്നതിന് ആട്ടോകാസ്റ്റ് ലിമിറ്റഡ് ബാങ്കുകളിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ നിരസിച്ചതായും കേരള ബാങ്ക് 10 കോടി രൂപയുടെ ക്യാഷ് ക്രെഡിറ്റ് സൗകര്യം നൽകാമെന്ന് അറിയിച്ചിട്ടുള്ളതായും കൂടാതെ പരാമർശം 1-ലെ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ള ഗവൺമെന്റ് ഗ്യാരന്റിയിൽ കമ്പനി ഇതുവരെ തുക കൈപ്പറ്റിയിട്ടില്ലാത്തതിനാലും ഗ്യാരന്റി കമ്മീഷൻ കുടിശിക ഇല്ലാത്തതിനാലും പ്രസ്തുത ഗ്യാരന്റിയുടെ കാലാവധി കഴിഞ്ഞിട്ടില്ലാത്തതിനാലും പ്രസ്തുത ഗവൺമെന്റ് ഗ്യാരന്റി പരിഷ്കരിച്ച് കേരള ബാങ്കിൽ നിന്നും എടുക്കുന്നതിന് ആട്ടോകാസ്റ്റ് ലിമിറ്റഡിന് അനുമതി നൽകണമെന്ന് മാനേജിംഗ് ഡയറക്ടർ പരാമർശം (2)- ലെ കത്ത് പ്രകാരം അപേക്ഷിക്കുകയുണ്ടായി.

2) കേരള ബാങ്കിൽ നിന്നും ആട്ടോകാസ്റ്റ് ലിമിറ്റഡിന് ആവശ്യമായ തുക ലഭിക്കുന്നതിന് ഗ്യാരന്റി നൽകാവുന്നതാണെന്ന് സെക്രട്ടറി, റിയാബ് പരാമർശം (3)- ലെ കത്ത് പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ യടിസ്ഥാനത്തിൽ ആട്ടോകാസ്റ്റ് ലിമിറ്റഡിന് ദേശസാൽകൃത ബാങ്കുകളിൽ നിന്നും 10 കോടി രൂപ വായ്പയായി എടുക്കുന്നതിന് പരാമർശം (1)-ലെ ഉത്തരവ് പ്രകാരം നൽകിയിട്ടുള്ള ഗവൺമെന്റ് ഗ്യാരന്റി പരിഷ്കരിച്ച് കേരള ബാങ്കിൽ നിന്നും എടുക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4) കൂടാതെ, ഗ്യാരന്റി നടപ്പിലാക്കുന്നതിനുള്ള ഉടമ്പടി ഒപ്പിടുമ്പോൾ പരാമർശം (1)

പ്രകാരമുള്ള ഉത്തരവിലെ നിബന്ധനകളും വ്യവസ്ഥകളും കർശനമായി പാലിക്കേണ്ടതാണ്. കമ്പനി ഗ്യാരന്റി കമ്മീഷൻ അടക്കുന്നത് വ്യവസായ വാണിജ്യ ഡയറക്ടർ നിരീക്ഷിക്കേണ്ടതും ഗവൺമെന്റ് ഗ്യാരന്റിയിൽ ആട്ടോകാസ്റ്റ് ലിമിറ്റഡിന് ലഭിക്കുന്ന വായ്പയുടെ കുടിശികയായുള്ള മുതൽ, അടച്ച മുതലും പലിശയും മുതലായവ ഉൾപ്പെടുത്തിയുള്ള അർദ്ധ വാർഷിക തിരിച്ചടവിന്റെ വിശദാംശങ്ങൾ കമ്പനി സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, ആട്ടോകാസ്റ്റ് ലിമിറ്റഡ്, എസ്.എൻ പുരം, ചേർത്തല
ലെന്റിംഗ് ബാങ്കുകൾ (ആട്ടോകാസ്റ്റ് എം.ഡി മുഖേന)
കേരള ബാങ്ക് (ആട്ടോകാസ്റ്റ് എം.ഡി മുഖേന)
വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ)/(ആഡിറ്റ് II), കേരളം, തിരുവനന്തപുരം
പൊതുഭരണ (എസ് സി) വകുപ്പ് (10/08/2022-ലെ ഇനം നമ്പർ 987)
ധനകാര്യ വകുപ്പ് ( അനൗദ്യോഗിക നമ്പർ 488880/പിയു-ബി3/2022-ധന തീയതി 29/06/2022)
സെക്രട്ടറി, റിയാബ്, തിരുവനന്തപുരം.
ഐ & പി ആർ ഡി(വെബ്& ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Divya Y V**
**Date: 16-08-2022 17:58:05**
സെക്ഷൻ ഓഫീസർ

പകർപ്പ്-സ.ഉ(കൈ)നം.32/2018/വ്യവ നമ്പർ തീർപ്പുഫയലിലേയ്ക്കായി

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 10-08-2022

ഫയൽ നം. ഡി2/57/2022/വ്യവ. ഇനം നം: 987

വിഷയം : വ്യവസായ വകുപ്പ് - ആട്ടോകാസ്റ്റ് ലിമിറ്റഡിന് ദേശസാൽകൃത ബാങ്കുകളിൽ നിന്നും 10 കോടി രൂപ വായ്പയായി എടുക്കുന്നതിന് നൽകിയിട്ടുള്ള ഗവൺമെന്റ് ഗ്യാരന്റി പരിഷ്കരിച്ച് കേരള ബാങ്കിൽ നിന്നും എടുക്കുന്നതിന് അനുമതി നൽകണമെന്നത് - സംബന്ധിച്ച്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

10/8/22

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്.

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കരട് കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഡി2/ 57/ 2022-വ്യവ |
| 2 | വകുപ്പ് | : | വ്യവസായ (ഡി) വകുപ്പ് |
| 3 | വിഷയം | : | വ്യവസായ വകുപ്പ് - ആട്ടോകാസ്റ്റ് ലിമിറ്റഡിന് ദേശസാൽകൃത ബാങ്കുകളിൽ നിന്നും 10 കോടി രൂപ വായ്പയായി എടുക്കുന്നതിന് നൽകിയിട്ടുള്ള ഗവൺമെന്റ് ഗ്യാരന്റി പരിഷ്കരിച്ച് കേരള ബാങ്കിൽ നിന്നും എടുക്കുന്നതിന് അനുമതി നൽകണമെന്നത് - - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 03/ 08/ 2022 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : | അതെ. |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, | | ഉണ്ട്. |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി എം എ റജീന ബീഗം |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. എ പി എം മുഹമ്മദ് ഹനീഷ് |
| 9 | മന്ത്രിസഭയുടെ കരട് കുറിപ്പ് പ്രിൻ. സെക്രട്ടറി അംഗീകരിച്ച തീയതി | : | 04 - 08 - 2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി. പി. ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി; | : | 05. 08. 22 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി. രാജീവ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 8/8/2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ആട്ടോകാസ്റ്റ് ലിമിറ്റഡിന് ദേശസാൽകൃത ബാങ്കുകളിൽ നിന്നും 10 കോടി രൂപ വായ്പയായി എടുക്കുന്നതിന് 17/ 04/2018-ലെ സ.ഉ.(കൈ) നം.32/2018/വ്യവ. ഉത്തരവ് പ്രകാരം നൽകിയിട്ടുള്ള ഗവൺമെന്റ് ഗ്യാരന്റി പരിഷ്കരിച്ച് കേരള ബാങ്കിൽ നിന്നും എടുക്കുന്നതിന് അനുമതി നൽകണമെന്ന ആട്ടോകാസ്റ്റ് മാനേജിംഗ് ഡയറക്ടറുടെ അപേക്ഷ സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2) 14/03/2022 ൽ ചേർന്ന ആട്ടോകാസ്റ്റ് ലിമിറ്റഡിന്റെ 166-ാമത് ഡയറക്ടർ ബോർഡ് യോഗം കേരള ബാങ്കിന്റെ പേരിലുള്ള ഗ്യാരന്റിയാക്കി ലഭിക്കുന്നതിനുള്ള അപേക്ഷ സർക്കാരിൽ സമർപ്പിക്കുന്നതിന് ആട്ടോകാസ്റ്റ് മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തി തീരുമാനിക്കുകയുണ്ടായി.

3) ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആട്ടോകാസ്റ്റ് മാനേജിംഗ് ഡയറക്ടർ സർക്കാരിൽ നിർദ്ദേശം സമർപ്പിക്കുകയുണ്ടായി. പ്രവർത്തന മൂലധനത്തിനുള്ള വായ്പ ലഭിക്കുന്നതിന് ആട്ടോകാസ്റ്റ് ലിമിറ്റഡ് ദേശസാൽകൃത ബാങ്കുകളിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ നിരസിച്ചതായും കേരള ബാങ്ക് 10 കോടി രൂപയുടെ ക്യാഷ് ക്രെഡിറ്റ് സൗകര്യം നൽകാമെന്ന് അറിയിച്ചിട്ടുള്ളതായും ആട്ടോകാസ്റ്റ് മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തു. 17/ 04/2018-ലെ സ.ഉ.(കൈ) നം.32/2018/വ്യവ. ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ള ഗവൺമെന്റ് ഗ്യാരന്റിയിൽ കമ്പനിയ്ക്ക് ഇതുവരെ യാതൊരു തുകയും കൈപ്പറ്റിയിട്ടില്ലെന്നും ഗ്യാരന്റി കമ്മീഷൻ കുടിശ്ശികയൊന്നും ഇല്ലെന്നും പ്രസ്തുത ഗ്യാരന്റിയുടെ കാലാവധി കഴിഞ്ഞിട്ടില്ലെന്നും മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട്

m.20 പേജ് 2

m.20 പേജ് 7

m.20 പേജ് 1

m.20 പേജ് 3, Flag K-ലെ നിർദ്ദേശം 83/2017 വ്യവ

ചെയ്തിട്ടുണ്ട്. മേൽസാഹചര്യത്തിൽ ആട്ടോകാസ്റ്റ് ലിമിറ്റഡിന് പ്രവർത്തന മൂലധനത്തിനുള്ള വായ്പയായി അനുവദിച്ച 10 കോടി രൂപയുടെ ഗവൺമെന്റ് ഗ്യാരന്റി പരിഷ്കരിച്ച് കേരള ബാങ്കിൽ നിന്നും ~~ലോണായി~~ വായ്പയായി 10 കോടി രൂപയുടെ ക്യാഷ് ക്രെഡിറ്റ് സൗകര്യം പ്രവർത്തനമൂലധനമായി ഉപയോഗപ്പെടുത്തുന്നതിന് അനുവദിക്കണമെന്ന് ആട്ടോകാസ്റ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി.

4) കേരള ബാങ്കിൽ നിന്നും കമ്പനിയ്ക്ക് പ്രവർത്തന മൂലധനമായി ക്രെഡിറ്റ് സൗകര്യാർത്ഥം ആവശ്യമായ തുക ലഭിക്കുന്നതിന് ഗ്യാരന്റി നൽകാവുന്നതാണെന്ന് റിയാബ് സെക്രട്ടറി ശിപാർശ ചെയ്തിട്ടുണ്ട്.

5) ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയും ആ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

"ആട്ടോകാസ്റ്റ് ലിമിറ്റഡിന് ദേശസാത്കൃത ബാങ്കുകളിൽ നിന്നും 10 കോടി രൂപ വരെ വായ്പയെടുക്കുന്നതിന് അനുവദിച്ചിട്ടുള്ള ഗവൺമെന്റ് ഗ്യാരന്റി പരിഷ്കരിച്ച്, കേരളാ ബാങ്കിനുള്ള ഗ്യാരന്റിയാക്കി മാറ്റുന്നതിന് ധനകാര്യ വകുപ്പ് അംഗീകാരം നൽകുന്നു. "

6) ആട്ടോകാസ്റ്റ് ലിമിറ്റഡിന് ദേശസാത്കൃത ബാങ്കുകളിൽ നിന്നും 10 കോടി രൂപ വരെ വായ്പയെടുക്കുന്നതിന് ഗവൺമെന്റ് ഗ്യാരന്റി അനുവദിച്ചു കൊണ്ട് പുറപ്പെടുവിച്ച 17/ 04/2018-ലെ സ.ഉ.(കൈ)നം.32/2018/വ്യവ.നമ്പർ ഉത്തരവ് പരിഷ്കരിച്ച് കേരള ബാങ്കിൽ നിന്നും 10 കോടി രൂപ വരെ വായ്പയെടുക്കുന്നതിന് ഗവൺമെന്റ് ഗ്യാരന്റി നൽകാമോ എന്നതിന്മേൽ ഉത്തരവിനായി ഫയൽ ബഹു. വ്യവസായ വകുപ്പുമന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിക്ക്

ചംക്രമണം ചെയ്യുകയുണ്ടായി. ആയത് മന്ത്രിസഭയുടെ പരിഗണനക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവാകുകയും ചെയ്തു.

**തീരുമാനിക്കേണ്ട വിഷയം**

17/04/2018-ലെ സ.ഉ.(കൈ)നം.32/2018/വ്യവ. പ്രകാരം ആട്ടോകാസ്റ്റ് ലിമിറ്റഡിന് ദേശസാത്കൃത ബാങ്കുകളിൽ നിന്നും 10 കോടി രൂപ വരെ വായ്പയെടുക്കുന്നതിന് ഗവൺമെന്റ് ഗ്യാരന്റി അനുവദിച്ച കൊണ്ട്പുറപ്പെടുവിച്ച ഉത്തരവ് പരിഷ്കരിച്ച് കേരള ബാങ്കിൽ നിന്നും 10 കോടി രൂപ വരെ വായ്പയെടുക്കുന്നതിന് ഗവൺമെന്റ് ഗ്യാരന്റി നൽകാമോ?

04/08/22
4/8/22
4/8/22
4/8/22
5/8/22
8/8/22